**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2018** **14-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തബാധിതർക്ക് വീടുകൾ നിർമ്മിച്ചു നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക്, പുനരധിവാസ പദ്ധതിപ്രകാരം വീടുകൾ നിർമ്മിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ തത്വത്തിൽ അംഗീകാരം നല്കുകയും, വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം.28, സർവ്വേ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം. 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം possession ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase 1) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഒന്നും രണ്ടും ഘട്ടങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്.<br><br>ദുരന്ത ബാധിതരുമായി 23/08/2024 ൽ നടത്തിയ ചർച്ചയിൽ (Public Consultation) പുതിയതായി സ്ഥാപിക്കുന്ന വീടുകൾ സുരക്ഷിത സ്ഥലത്തായിരിക്കണമെന്നും, മുൻപ് താമസിച്ചിരുന്ന സ്ഥലത്തിന് അടുത്തായിരിക്കണമെന്നും, ഒരുമിച്ച് |

| | | | |
|---|---|---|---|
| | | | താമസിക്കുവാൻ കഴിയുന്നവിധം ആകണമെന്നും ഉപജീവനത്തിന് അനുയോജ്യമാകണമെന്നും ഉള്ള ആവശ്യങ്ങൾ കൂടി പരിഗണിച്ച്കൊണ്ടാണ് പുനരധിവാസ പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുള്ളത്. ദുരന്തബാധിതരുടെ ജീവനോപാധി കണ്ടെത്തുന്നതിനും ജീവിതം കരുപ്പിടിപ്പിക്കുന്നതിനും ഉള്ള പദ്ധതികളും കൂടി പരിഗണിച്ചു കൊണ്ടാണ് ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് പുനരധിവാസ പദ്ധതിപ്രകാരം എന്തെല്ലാം സഹായങ്ങൾ നൽകാനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ തത്വത്തിൽ അംഗീകാരം നല്കുകയും, വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം.28, സർവ്വേ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം. 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം possession ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase 1) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഒന്നും രണ്ടും ഘട്ടങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്.<br><br>ദുരന്ത ബാധിതരുമായി 23/08/2024 ൽ നടത്തിയ ചർച്ചയിൽ (Public Consultation) പുതിയതായി സ്ഥാപിക്കുന്ന വീടുകൾ സുരക്ഷിത സ്ഥലത്തായിരിക്കണമെന്നും, മുൻപ് താമസിച്ചിരുന്ന സ്ഥലത്തിന് അടുത്തായിരിക്കണമെന്നും, ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നവിധം ആകണമെന്നും ഉപജീവനത്തിന് അനുയോജ്യമാകണമെന്നും ഉള്ള ആവശ്യങ്ങൾ കൂടി പരിഗണിച്ച്കൊണ്ടാണ് പുനരധിവാസ പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുള്ളത്. ദുരന്തബാധിതരുടെ |

| | | | |
|---|---|---|---|
| | | | ജീവനോപാധി കണ്ടെത്തുന്നതിനും ജീവിതം കരുപ്പിടിപ്പിക്കുന്നതിനും ഉള്ള പദ്ധതികളും കൂടി പരിഗണിച്ചു കൊണ്ടാണ് ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് കൃഷി ചെയ്യാനുള്ള സൗകര്യം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ തത്വത്തിൽ അംഗീകാരം നല്കുകയും, വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം.28, സർവ്വേ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം. 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം possession ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase 1) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഒന്നും രണ്ടും ഘട്ടങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്.<br><br>ദുരന്ത ബാധിതരുമായി 23/08/2024 ൽ നടത്തിയ ചർച്ചയിൽ (Public Consultation) പുതിയതായി സ്ഥാപിക്കുന്ന വീടുകൾ സുരക്ഷിത സ്ഥലത്തായിരിക്കണമെന്നും, മുൻപ് താമസിച്ചിരുന്ന സ്ഥലത്തിന് അടുത്തായിരിക്കണമെന്നും, ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നവിധം ആകണമെന്നും ഉപജീവനത്തിന് അനുയോജ്യമാകണമെന്നും ഉള്ള ആവശ്യങ്ങൾ കൂടി പരിഗണിച്ച്കൊണ്ടാണ് പുനരധിവാസ പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുള്ളത്. ദുരന്തബാധിതരുടെ ജീവനോപാധി കണ്ടെത്തുന്നതിനും ജീവിതം കരുപ്പിടിപ്പിക്കുന്നതിനും ഉള്ള പദ്ധതികളും കൂടി പരിഗണിച്ചു കൊണ്ടാണ് ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ